Talented Bankers Literary Panel

പുസ്തക പരിചയം 111

പുസ്തകം പരിചയപ്പെടുത്തുന്നത്,

കെ ജി ഉണ്ണികൃഷ്ണൻ,

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,

കുമ്പള ശാഖ.

**കഥയുടെ കാറ്റിൽ,**

**ഇ വി ശ്രീധരൻ**.

പ്രശസ്ത പത്രപ്രവർത്തകനും എഴുത്തുകാരനുമായ ഇ വി ശ്രീധരന്റെ 31 കഥകളുടെ സമാഹാരമാണ് "കഥയുടെ കാറ്റിൽ" . ജീവിതവും കഥയും രണ്ടല്ല എന്നും അത് പരസ്പരം ചേർന്നു കിടക്കുകയാണെന്നും ഒരു കഥാകാരന്റെ കണ്ണാടിയിലൂടെ കാട്ടിത്തരുന്ന കഥകൾ.

പശ്ചാത്തലം മദിരാശിയോ മലബാറോ തിരുവനന്തപുരത്തെ തെരുവുകളോ കടൽതീരമോ എന്തുമായിക്കൊള്ളട്ടെ, കഥ കേൾക്കാൻ ഒരു കാറ്റായി നാം അവിടെ എത്തിച്ചേരുകയാണ്. കഥാപാത്രങ്ങളുടെ വിഷമങ്ങൾ നമ്മുടെ വിഷമങ്ങൾ ആയി മാറുകയാണ്. വേദനിപ്പിക്കുന്ന ഒരു നൊമ്പരമായി മാറുകയാണ്.

ചില കഥകളിലേക്ക് കടക്കാം

അറ്റന്റർ മാധവേട്ടൻ:

36 വർഷത്തെ പത്രം ഓഫീസിലെ സേവനത്തിനുശേഷം വിരമിച്ച് വീട്ടിലെത്തിയ അറ്റൻഡർ മാധവൻനായർക്ക് രാത്രിയിൽ ഉറക്കം വരുന്നുണ്ടായിരുന്നില്ല. പത്രത്തിന്റെ ആദ്യ എഡിഷൻ പ്രിന്റ് ചെയ്തതിനുശേഷം മാത്രമേ മാധവൻനായർ ആഹാരം കഴിച്ചിരുന്നുള്ളൂ. 50 കഴിഞ്ഞിട്ടില്ലാത്ത, മോഹങ്ങൾ ഒന്നും അവസാനിച്ചിട്ടില്ലാത്ത ഭാര്യ, മാധവൻ നായരെ കിടക്കയിൽ തളച്ചിടാൻ ശ്രമിച്ചിട്ടും, വികാരങ്ങളെ ഉണർത്താൻ ശ്രമിച്ചിട്ടും നടന്നില്ല. മാധവൻനായർ പത്രം ഓഫീസിലെ ബുക്കുകളിൽ നിന്ന് മാത്രമേ പിരിഞ്ഞിട്ടുള്ളൂ. മനസ്സിൽ ഇപ്പോഴും അറ്റൻഡർ മാധവൻ നായരാണ് .ഉറക്കം വരാത്ത രാവുകളിലൊന്നിൽ വീണ്ടും

പത്രം ഓഫീസിലേക്ക് കടന്നു ചെല്ലുന്നു . അയാൾക്ക് മുന്നിൽ രണ്ടു വഴികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ ഒന്നുകിൽ അറ്റൻഡർ മാധവൻനായർ  ആയി തുടരുക  അല്ലെങ്കിൽ തന്റെ ചരമവാർത്ത അതേ പത്രത്തിൽ തന്നെ കൊടുക്കുക

ഓറഞ്ച് തോട്ടത്തിലെ കാവൽക്കാരൻ എന്ന കഥയിലൂടെ സമൂഹത്തിൽ ഉന്നത നിലയിൽ ജീവിച്ച, പലരെയും ജീവിത വിജയത്തിലേക്ക് കൈപിടിച്ചുയർത്തിയ ശേഖരൻ മാഷിനെ, ശിഷ്ടജീവിതം ഒരു ഓറഞ്ച് തോട്ടത്തിലെ കാവൽക്കാരൻ ആയി തുടരാൻ പോകുമ്പോഴാണ് നമ്മൾ കണ്ടുമുട്ടുന്നത്  വിധിവൈപരീത്യം മൂലം

ഭാര്യയും മക്കളും നഷ്ടപ്പെട്ട, മദ്യത്തിന് അടിമയായി നാടുവിട്ടു പോകുന്ന മാഷിനെ പിടിച്ചു നിർത്താൻ ശ്രമിക്കുമ്പോൾ "മോനേ നിന്റെ സ്നേഹം എനിക്ക് വേണം - മറ്റേ ലോകത്ത് ഈ ലോകത്തെ കാര്യങ്ങളെല്ലാം ഞാൻ തീരുമാനിച്ചു കഴിഞ്ഞു" എന്ന് പറഞ്ഞു ഇറങ്ങുകയാണ് ചെയ്യുന്നത്

ശ്രീകൃഷ്ണ വിലാസം എന്ന കഥയിലൂടെ ഓരോ പുരുഷന്റെയും ജീവിത വിജയത്തിന് പിന്നിൽ ഒരു സ്ത്രീ ഉണ്ടായിരിക്കും എന്ന് പറയുന്നു ശ്രീകൃഷ്ണവിലാസം ഹോട്ടലിലെ കുഞ്ഞാമൻ മുതലാളിയുടെ കാര്യത്തിലും അത് ഉണ്ടായിരുന്നു കല്യാണിക്കുട്ടി. മുതലാളിയുടെ ഭാഷയിൽ പറഞ്ഞാൽ "നാം ജീവിച്ചതും സുഖിച്ചതും കല്ല്യാണിക്കുട്ടിയുടെ കൂടെയാ. മനസ്സ് കൊടുത്തതും കല്യാണി കുട്ടിക്ക്. പടച്ചോന്റെ മുന്നിലെ കുഞ്ഞാമന്റ പെണ്ണ് കല്യാണി കുട്ടിയാ

- പിന്നെ ലക്ഷ്മി -ഭാര്യ കുന്നുംപുറത്ത് കുഞ്ഞാമന്റെ പോത്തുപോലത്തെ ഭാര്യ" 25 കൊല്ലമായി കല്യാണിക്കുട്ടി ഉണ്ടാക്കിയ മീൻ കൂട്ടാനും സാമ്പാറും കൊണ്ടാണ്  ഹോട്ടൽ വിജയിച്ചത് . പെട്ടെന്ന് ഒരു ദിവസം ഭാര്യ എന്ന സ്ഥാനം വഹിക്കുന്ന ആൾ വന്നു കല്യാണി കുട്ടിയെ പറഞ്ഞു വിടേണ്ട കാര്യം എന്താണ് ? ദൈവത്തിന്റേ മുന്നിൽ നെറികേട് കാണിക്കാത്ത കുഞ്ഞാമൻ കല്യാണി കുട്ടിയെ ഹോട്ടലിൽ തന്നെ പണിക്ക് നിർത്തണം, അവളുടെ വീട് നന്നാക്കി കൊടുക്കണം എന്നെല്ലാം തീരുമാനിക്കുന്നു

രഘവേട്ടൻ എന്ന കഥയിലൂടെ ഉത്തമ സുഹൃത്തായ മാധവൻനായരുടെ മരണാനന്തര ചടങ്ങുകൾ നടത്താൻ വേണ്ടി ഓടി നടക്കുന്ന രാഘവൻ നായരെ ആണ് നാം കാണുന്നത്. ദിവസങ്ങൾക്ക് മുൻപേ ബുക്ക് ചെയ്താൽ മാത്രമേ ക്രിമറ്റോറിയം  കിട്ടുകയുള്ളൂ. ഉത്തമ സുഹൃത്തിനെ മരണത്തിന് വിട്ടുകൊടുക്കുന്നതിൽ വിഷമം ഉണ്ടെങ്കിലും അധികം വൈകാതെ അന്ത്യ യാത്ര നടത്തുക എന്നത് ഒരു ഉത്തമ സുഹൃത്തിന് മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ

സ്ത്രീ കഥാപാത്രങ്ങളിലേക്ക് വരുമ്പോൾ അമ്മുക്കുട്ടിയുടെ പ്രിവ്യൂ എന്ന കഥയിലൂടെ സമൂഹത്തിലെ ഒരു കൂട്ടം മാന്യന്മാർക്ക് മുന്നിൽ സ്വന്തം വ്യക്തിത്വം അടിയറ വെക്കാത്ത ഒരു നാടൻ പെൺകുട്ടിയുടെ മാനസിക വിചാരങ്ങൾ വരച്ചുകാട്ടുന്നു.  മറ്റൊരു കഥയായ

കാർത്തിയുടെ കാലം  എന്നതിൽ ഭർത്താവ് പറഞ്ഞാൽ സ്വന്തം ആവശ്യങ്ങൾക്ക്  വേണ്ടി പരപുരുഷ ബന്ധം പോലും നടത്താൻ തയ്യാറാവുന്ന സ്ത്രീകളെയും പരിചയപ്പെടുത്തുന്നു.

മനോഹരമായ ഈ പുസ്തകത്തിലെ ഓരോ കഥകളും വായിച്ചു കഴിയുമ്പോൾ കഥാപാത്രത്തിന്റെ മാനസിക സംഘർഷങ്ങളിൽ നിന്ന് മനസ്സിനെ മാറ്റിയെടുക്കാൻ അൽപം സമയമെടുക്കും

പിന്നെയും മനസ്സിൽ ചോദ്യങ്ങൾ ബാക്കി നിൽകുന്നു

അറ്റൻഡർ മാധവൻനായർക്ക് പിന്നെ എന്തു സംഭവിച്ചു കാണും

കുഞ്ഞാമൻ മുതലാളിയുടെ ഭാര്യ വീണ്ടും പ്രശ്നങ്ങൾ ഉണ്ടാക്കുമോ

ശേഖരൻ മാഷ് ഓറഞ്ച് തോട്ടത്തിലെ കാവൽക്കാരനായി എത്തിച്ചേർന്നിരിക്കുമോ?

പിന്നെയും ഒരുപാട് ചോദ്യങ്ങൾ,

വിഷമങ്ങൾ...

പ്രസാധകർ ചിന്ത പബ്ലിക്കേഷൻസ്

വില: 210 രൂപ